# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 37 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 ജൂൺ 3


# യുപിഎ ഗവൺമെണ്ട് അധികാരത്തിൽ ഇന്ത്യ വികസനത്തിന്റെ പാതയിൽ

**കെ. എം. തോമസ്**

ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾ ആകെ സന്തോഷത്തിലാണ്. ലോകത്തിലെ ജനാധിപത്യരാഷ്ട്രങ്ങളെല്ലാം ഇന്ത്യയുടെ സന്തോഷത്തിൽ പങ്കുചേരുന്നു; ശ്രദ്ധേയമായ തെരഞ്ഞെടുപ്പുവിജയം നേടിയ കോൺഗ്രസിനെയും നേതാക്കളെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ഡോ. മൻമോഹൻ സിംഗ് മെയ് 22നു സത്യപ്രതിജ്ഞ ചെയ്തു. തുടർച്ചയായി രണ്ടാംവട്ടവും പ്രധാനമന്ത്രിയായി. ഇതിനുമുമ്പ് ജവഹർലാൽ നെഹ്റുവിനും ഇന്ദിരാഗാന്ധിക്കും മാത്രമേ ഒന്നിലധികം തവണ തുടർച്ചയായി പ്രധാനമന്ത്രിപദത്തിലിരിക്കാൻ കഴിഞ്ഞിട്ടുള്ളു. 1947 മുതൽ 1964 വരെ പ്രധാനമന്ത്രിയായിരുന്ന നെഹ്റു 1952, 57, 62 വർഷങ്ങളിൽ നടന്ന പൊതുതെരഞ്ഞെടുപ്പുകളിൽ തുടരെ വിജയിച്ചു.

1966ൽ ലാൽ ബഹദൂർ ശാസ്ത്രിയുടെ നിര്യാണത്തെത്തുടർന്നു പ്രധാനമന്ത്രിസ്ഥാനം ഏറ്റെടുത്ത ഇന്ദിരാഗാന്ധി 1967ലും 1971ലും നടന്ന തെരഞ്ഞെടുപ്പുകളിൽ വിജയിച്ചു സ്ഥാനം നിലനിർത്തി. അതിനുശേഷം ഇപ്പോൾ മാത്രമാണ് ഒരു പ്രധാനമന്ത്രി തുടർച്ചയായി രണ്ടാം വട്ടവും അധികാരത്തിലെത്തുന്നത്.

പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ സമർത്ഥവും ആസൂത്രണവൈദഗ്ധ്യം അകമ്പടി നിന്നതുമായ ഭരണമാണ് ഈ ചരിത്രവിജയത്തിന്റെ പിന്നിലെ മുഖ്യഘടകം. ഒരു സാമ്പത്തിക വിദഗ്ധനെന്ന നിലയിൽ അദ്ദേഹം അന്താരാഷ്ട്ര പ്രശസ്തനാണ്. റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ തുടങ്ങിയ നിലകളിലും മുൻ ധനകാര്യമന്ത്രി എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ അനുഭവജ്ഞാനം രാഷ്ട്രത്തിനു മുഴുവൻ മുതൽക്കൂട്ടാവുകയും ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ ഇന്ത്യയുടെ പദവി ഉയർത്തുകയും ചെയ്തു.



ഇന്ത്യയുടെ 17–ാമത്തെ പ്രധാനമന്ത്രിയായി ഡോ. മൻമോഹൻ സിംഗ് രാഷ്ട്രപതി പ്രതിഭാ പാട്ടീൽ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു.

**പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ സമർത്ഥവും ആസൂത്രണവൈദഗ്ധ്യം അകമ്പടി നിന്നതുമായ ഭരണമാണ് ഈ ചരിത്രവിജയത്തിന്റെ പിന്നിലെ മുഖ്യഘടകം. ഒരു സാമ്പത്തിക വിദഗ്ധനെന്ന നിലയിൽ അദ്ദേഹം അന്താരാഷ്ട്ര പ്രശസ്തനാണ്. റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ തുടങ്ങിയ നിലകളിലും മുൻ ധനകാര്യമന്ത്രി എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ അനുഭവജ്ഞാനം രാഷ്ട്രത്തിനു മുഴുവൻ മുതൽക്കൂട്ടാവുകയും ലോകരാഷ്ട്രങ്ങൾക്കുമുമ്പിൽ ഇന്ത്യയുടെ പദവി ഉയർത്തുകയും ചെയ്തു.**

പി.വി. നരസിംഹറാവു പ്രധാനമന്ത്രിയും ഡോ. മൻമോഹൻ സിംഗ് ധനകാര്യമന്ത്രിയും ആയിരുന്ന 1991–96ലെ കോൺഗ്രസ് ഗവൺമെണ്ടിന്റെ കാലത്താണ് ഇന്ത്യയുടെ സാമ്പത്തിക വളർച്ച ത്വരിതഗതിയിലായത്. സിംഗിന്റെ സാമ്പത്തികനയം അന്താരാഷ്ട്രവീക്ഷണത്തിൽ രൂപപ്പെടുത്തിയതായിരുന്നു.

>> 20





*അനുസ്മരണം*



ജവഹർലാൽ നെഹ്റു (1889 – 1964) 15

*മുഖപ്രസംഗം*
മൻമോഹൻ സിംഗിന്റെ വഴി ഇന്ത്യൻ ജനതയുടെ ഹൃദയത്തിലേക്ക് 2

*രാഷ്ട്രീയം*
തെരഞ്ഞെടുപ്പ് സ്വതന്ത്രവും സുതാര്യവുമാക്കാൻ മുൻകരുതൽ വേണം
പി. ടി. ജോസ് 3

*വിജ്ഞാനം*
പരിസ്ഥിതി സംരക്ഷണവും ലോക പരിസ്ഥിതിദിനവും
ടി. കെ. മാറിയിടം 4

*കാഴ്ചവട്ടം*
ജോസ് കെ. മാണിയുടെ വിജയം രാഷ്ട്രീയവും വ്യക്തിപരവും
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള 5

*മനസ്സറിയുക ശരീരവും*
മാതാപിതാക്കളുമായുള്ള ബന്ധവും സ്വഭാവ രൂപീകരണവും
ഡോ. (സി.) ഷാലു കോയിക്കര 6

*വിമർശനം*
ഡിഗ്രി കോഴ്സ് പരിഷ്കരണം ചില ആശങ്കകൾ 7
പ്രൊഫ. ലോപ്പസ് മാത്യു

*അവലോകനം*
വിപ്ലവവായാടിത്തത്തിന്റെ അവശേഷിപ്പായി ഒരു നഗരം
ബോബി കെ. മാത്യു 9

*ചരിത്രം*
മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും
ഡോ. എ. പി. ഇബ്രാഹിംകുഞ്ഞ് 12

*ചുവരെഴുത്തുകൾ*
ജനകീയ കോടതിയുടെ അതിവേഗ ശിക്ഷ 14
ശ്വേതകേതു

*വിശകലനം*
ഒടുവിൽ ജനാധിപത്യം വിജയിച്ചു
ജോർജ് കുറ്റിക്കാട്ട് 17

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 18

മറ്റു പംക്തികളും

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 37
2009 ജൂൺ 3
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ശത്രുക്കളെ ഉണ്ടാക്കാനുള്ള എളുപ്പമാർഗം ആളുകളെ കുറ്റം പറയുകയാണ്.*

*- ഹെൻറി ലിങ്ക്*

# മൻമോഹൻ സിംഗിന്റെ വഴി ഇന്ത്യൻ ജനതയുടെ ഹൃദയത്തിലേക്ക്

സ്വതന്ത്ര ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിൽ പുതിയൊരധ്യായം എഴുതിച്ചേർത്തുകൊണ്ട് ഡോ. മൻമോഹൻ സിംഗ് വീണ്ടും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞചെയ്തിരിക്കുന്നു. അഞ്ചുവർഷത്തെ സംശുദ്ധവും വികസനോന്മുഖവുമായ ഭരണത്തിന് ജനങ്ങൾ നല്കിയ അംഗീകാരമാണിത്. കഴിഞ്ഞ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾക്കു മിഴിവേകിയ സഹപ്രവർത്തകരിൽ നല്ലൊരുഭാഗം പേർ ഇപ്പോഴും അദ്ദേഹത്തോടൊപ്പമുണ്ട്.

ലോകരാഷ്ട്രങ്ങളുടെ തലവന്മാർ-അമേരിക്കൻ പ്രസിഡണ്ട് ഒബാമയും റഷ്യൻ പ്രസിഡണ്ട് മെദ്‌വദേവും ഫ്രഞ്ചുപ്രസിഡണ്ട് സാർക്കോസിയും ബ്രിട്ടീഷ് പ്രധാനമന്ത്രി ബ്രൗണും-മൻമോഹൻ സിംഗിനെ പ്രത്യേകം അഭിനന്ദിച്ചു കഴിഞ്ഞിരിക്കുന്നു. അക്കൂട്ടത്തിൽ ഒബാമയുടെ പ്രശംസ മൻമോഹൻ സിംഗിന്റെ വ്യക്തി വൈശിഷ്ട്യത്തിനു നല്കിയ അഭിനന്ദനം കൂടിയാണ്.

അമേരിക്കയിലെ പുതിയ ഇന്ത്യൻ അംബാസിഡർ മീരാശങ്കറിനെയാണദ്ദേഹം ഇക്കാര്യം അറിയിച്ചത്. മൻമോഹൻ സിംഗ് വളരെ പ്രതിഭാശാലിയായ നേതാവാണെന്നും തനിക്കദ്ദേഹത്തോടു വളരെ ആദരവുണ്ടെന്നുമാണ് ഒബാമയുടെ വാക്കുകൾ. ഇന്ത്യയ്ക്കു ലഭിച്ച ഒരു പ്രശംസയാണിത്. പൊതുവെ പാശ്ചാത്യർ പൗരസ്ത്യനേതാക്കളെ അത്ര ബഹുമാനത്തോടുകൂടിയൊന്നും കാണാറില്ലായിരുന്നല്ലൊ. അക്കാലമൊക്കെ പഴകിപ്പോയെന്നും വരുംനാളുകളിൽ ലോകനേതൃത്വംപോലും ഇന്ത്യയുടെയും ചൈനയുടെയും കൈപ്പിടിയിലൊതുങ്ങിയേക്കാമെന്നുമൊക്കെയുള്ള പ്രവചനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന കാലമാണിത്.

ഇതുവായിച്ച് അഭിമാനം കൊള്ളുന്നതിനിടയിൽ, കേരളത്തിലെ മന്ത്രിമാരിലൊരാളായ ജി. സുധാകരൻ മൻമോഹൻ സിംഗിനെപ്പറ്റി നടത്തിയ ലജ്ജാകരമായ ഒരു പരാമർശം ഓർത്തുപോകുന്നു. ഇന്ത്യയുടെ പ്രധാനമന്ത്രിയും ധനമന്ത്രിയും ലോകബാങ്കുഗുമസ്തന്മാർ മാത്രമാണെന്ന്. ഇത്തരത്തിലൊരു വിഡ്ഢിത്തം എഴുന്നെള്ളിക്കാൻ സുധാകരനെപ്പോലുള്ളവർക്കേ കഴിയൂ. ഇക്കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി അച്യുതാനന്ദൻ സുധാകരനെക്കാൾ ഒരുപടി മുന്നിലാണോ എന്നു സംശയിക്കണം. ലോകം മുഴുവൻ ആദരിക്കുന്ന ശാസ്ത്രജ്ഞനായ മുൻ രാഷ്ട്രപതി അബ്ദുൾ കലാമിനെപ്പറ്റി വിഎസ് പറഞ്ഞതോർമയില്ലേ? അയാൾ ആകാശത്തേക്കു റോക്കറ്റു വിടുന്ന കക്ഷിയല്ലേ, എന്ന്!

ഒരു കവിക്കുമാത്രമേ മറ്റൊരു കവിയുടെ ഹൃദയം കണ്ടെത്താനാവൂ എന്നൊരു ചൊല്ലുണ്ട്, ഇംഗ്ലീഷിൽ. ആരുടെ കാര്യത്തിലും ഇതുബാധകമാണ്. പ്രതിഭാശാലിയായ ഒരു രാഷ്ട്രീയനേതാവിനെ സമാനപ്രതിഭയായ മറ്റൊരു നേതാവിനു മാത്രമേ മനസ്സിലാക്കാനും ആദരിക്കാനും കഴിയൂ. അതാണ് ഒബാമ പ്രകടിപ്പിച്ചത്. അതില്ലായ്മയാണ് സുധാകരനും അച്യുതാനന്ദനും വെളിപ്പെടുത്തിയത്.

മൻമോഹൻ സിംഗിനെയും അബ്ദുൾ കലാമിനെയും വേണ്ടവിധം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ സുധാകരനും അച്യുതാനന്ദനും ഇത്തരം വിഡ്ഢിത്തങ്ങൾ വിളമ്പുമായിരുന്നില്ല. തീർച്ചയായും അവർക്കു മുമ്പിൽ വിനീതരാകുമായിരുന്നു. " വന്ദനീയരെ കാണുന്ന നേരത്തു നിന്ദിച്ചത്രേ പറയുന്നിതു ചിലർ" എന്നു ജ്ഞാനപ്പാനയിൽ ഭക്തകവി പൂന്താനം ഉത്ക്കണ്ഠപ്പെടുന്നുണ്ടല്ലൊ. അതുതന്നെയാണിക്കാര്യത്തിലും സംഭവിച്ചത് എന്നു ഖേദപൂർവം ഓർക്കാനേ നമുക്കു കഴിയുന്നുള്ളു.

രാഷ്ട്രീയത്തിൽ നേതാക്കൾ തമ്മിൽ കടുത്ത മത്സരമുണ്ട്. അതു പക്ഷേ തുല്യർ തമ്മിലാണ്. അച്യുതാനന്ദനും അബ്ദുൾ കലാമും തമ്മിൽ മത്സരമില്ല. സുധാകരനെവിടെ മൻമോഹൻ സിംഗും ചിദംബരവും എവിടെ? ഒരാളെ വിമർശിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യുമ്പോൾ അയാളും നമ്മളും തമ്മിലുള്ള വ്യത്യാസമെന്തെന്ന് അന്വേഷിച്ചറിയാൻ നമുക്കു ബാധ്യതയുണ്ട്. അല്ലെങ്കിൽ നമ്മുടെ മന്ത്രിമാരെപ്പോലെ ആരും പരിഹാസ്യരായിപ്പോകും.

മൻമോഹൻ സിംഗിനെ പ്രശംസിച്ചത് ഒബാമയല്ലേ, അയാളും സാമ്രാജ്യത്വമോഹം ഉള്ളിൽ സൂക്ഷിക്കുന്ന ബൂർഷ്വാഭരണത്തലവനല്ലേ, ഒരേ തൂവൽ പക്ഷികൾ ഒരേ സ്വരത്തിൽ പാടുന്നു എന്നായിരിക്കാം ഇക്കാര്യത്തിലും ഈ കേരള നേതാക്കളുടെ പ്രതികരണം! തെരഞ്ഞെടുപ്പിൽ വോട്ടുകുറഞ്ഞുപോയതിന്റെ ഉത്തരവാദികൾ ഇത്തരം നേതാക്കളാണ് എന്ന ആരോപണങ്ങൾ സ്വന്തം പാർട്ടി അണികളിൽ നിന്നു തന്നെ ഉയർന്നുകൊണ്ടിരിക്കുകയാണല്ലൊ. ജനങ്ങൾ അതു നേരത്തെ മനസ്സിലാക്കി. അതിന്റെ തെളിവാണു തെരഞ്ഞെടുപ്പുഫലം.

പഴഞ്ചൻ പ്രത്യയശാസ്ത്രത്തിലെ അർത്ഥം നഷ്ടപ്പെട്ട വരികളിൽ ആശ്രയം കാണുന്ന കാലഹരണപ്പെട്ട നേതാക്കൾ ഇന്ത്യൻ ജനതയുടെ വികസനമോഹങ്ങൾക്കു തടയിടാൻ ശ്രമിച്ചതിന് കിട്ടിയ കനത്തപ്രഹരമാണ് ഇടതുപക്ഷത്തിന്റെ ദയനീയ പരാജയം. ഇനിയെങ്കിലും അതു തിരിച്ചറിയുകയും മൻമോഹൻ സിംഗിന്റെ വഴിയാണ് ഇന്ത്യൻ ജനതയുടെ ഹൃദയത്തിലേക്കുള്ള വഴി എന്നു മനസ്സിലാക്കുകയും ചെയ്താൽ ഇടതുപക്ഷത്തിനു നന്ന്.

# ഇന്ത്യൻ പാർലമെണ്ടും ഭരണവ്യവസ്ഥയും



പാർലമെണ്ടറി ഭരണസമ്പ്രദായമുള്ള പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക് (Sovereign socialist Secular Democratic Republic) ആണ് ഇന്ത്യ. 1949 നവംബർ 26ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി സ്വീകരിക്കുകയും 1950 ജനുവരി 26ന് നിലവിൽ വരികയും ചെയ്ത ഭരണഘടനയനുസരിച്ചാണ് ഇന്ത്യയിൽ ഭരണം നടത്തുന്നത്.

വിവിധ സംസ്ഥാനങ്ങളുടെ യൂണിയനാണ് ഇന്ത്യ. രാഷ്ട്രപതി (പ്രസിഡണ്ട്) യാണ് രാഷ്ട്രത്തലവൻ. പ്രധാനമന്ത്രി സർക്കാരിന്റെ തലവനും. യഥാർത്ഥ എക്സിക്യൂട്ടീവ് അധികാരം പ്രധാനമന്ത്രിയിലും മന്ത്രിസഭയിലുമാണ്. പാർലമെണ്ടിനും സംസ്ഥാന നിയമസഭകൾക്കും നിയമനിർമാണാധികാരമുണ്ട്. ഭരണഘടനാഭേദഗതിക്കുള്ള അധികാരം പാർലമെണ്ടിനു മാത്രമാണ്. സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ, കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, പബ്ലിക് സർവീസ് കമ്മീഷൻ, ഇലക്ഷൻ കമ്മീഷൻ എന്നിവയുടെ പ്രവർത്തനത്തിനും ഭരണഘടന അവസരം നല്കുന്നു. 28 സംസ്ഥാനങ്ങളും ഏഴ് കേന്ദ്ര ഭരണപ്രദേശങ്ങളും (യൂണിയൻ ടെറിട്ടറികൾ) ഇന്ത്യയിലുണ്ട്.

> **വിവിധ സംസ്ഥാനങ്ങളുടെ യൂണിയനാണ് ഇന്ത്യ. രാഷ്ട്രപതി (പ്രസിഡണ്ട്) യാണ് രാഷ്ട്രത്തലവൻ. പ്രധാനമന്ത്രി സർക്കാരിന്റെ തലവനും. യഥാർത്ഥ എക്സിക്യൂട്ടീവ് അധികാരം പ്രധാനമന്ത്രിയിലും മന്ത്രിസഭയിലുമാണ്. പാർലമെണ്ടിനും സംസ്ഥാന നിയമസഭകൾക്കും നിയമനിർമാണാധികാരമുണ്ട്. ഭരണഘടനാഭേദഗതിക്കുള്ള അധികാരം പാർലമെണ്ടിനു മാത്രമാണ്.**

## എക്സിക്യൂട്ടീവ്

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, മന്ത്രിസഭ, പ്രധാനമന്ത്രി എന്നിവരുൾപ്പെടുന്നതാണ് ഇന്ത്യൻ യൂണിയന്റെ എക്സിക്യൂട്ടീവ്.

35 വയസ്സിൽ കുറയാത്ത ഏത് ഇന്ത്യൻ പാർലമെണ്ട് പൗരനും രാഷ്ട്രപതിയാവാം. പാർലമെണ്ടിന്റെ ഇരുസഭകളിലെയും സംസ്ഥാന നിയമസഭകളിലെയും അംഗങ്ങൾ ഉൾപ്പെടുന്ന ഇലക്ടറൽ കോളജ് ആണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. പാർലമെണ്ടിന്റെ ഇരുസഭകളിലെയും അംഗങ്ങളടങ്ങിയ ഇലക്ടറൽ കോളജാണ് ഉപരാഷ്ട്രപതി (വൈസ് പ്രസിഡണ്ട്) യെ തെരഞ്ഞെടുക്കുന്നത്. ഇരുവരുടെയും കാലാവധി അഞ്ചുവർഷമാണ് പാർലമെണ്ടിന്റെ ഉപരിസഭയായ രാജ്യസഭയുടെ ചെയർമാൻ ഉപരാഷ്ട്രപതിയാണ്.

## ലെജിസ്ലേച്ചർ

ഇന്ത്യൻ യൂണിയന്റെ നിയമനിർമാണ വിഭാഗമായ (ലെജിസ്ലേച്ചർ) പാർലമെണ്ടിന് രണ്ടു സഭകളുണ്ട്; രാജ്യസഭയും ലോക്സഭയും. ഒരു സമ്മേളനം കഴിഞ്ഞ് ആറുമാസത്തിനുള്ളിൽ ഇരുസഭകളും വീണ്ടും സമ്മേളിച്ചിരിക്കണം. പ്രത്യേക സന്ദർഭങ്ങളിൽ ഇരുസഭകളും വീണ്ടും സമ്മേളിച്ചിരിക്കണം. പ്രത്യേക സന്ദർഭങ്ങളിൽ ഇരുസഭകളും ഒരുമിച്ചു സമ്മേളിക്കുന്നു.

സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്ന് 238ൽ കൂടാത്ത പ്രതിനിധികളും രാഷ്ട്രപതി നാമനിർദേശം ചെയ്യുന്ന 12 അംഗങ്ങളും ചേർന്നതാണ് രാജ്യസഭ. ആനുപാതിക പ്രാതിനിധ്യമനുസരിച്ച് സംസ്ഥാന നിയമസഭകളാണ് രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. രാജ്യസഭ പിരിച്ചുവിടാറില്ല. ഓരോ രണ്ടാമത്തെ വർഷവും മൂന്നിലൊന്ന് അംഗങ്ങൾ വിരമിക്കുന്നു.

ജനങ്ങൾ വോട്ടിങ്ങിലൂടെ നേരിട്ടു തെരഞ്ഞെടുക്കുന്നവരാണ് ലോക്സഭാംഗങ്ങൾ. ലോക്സഭയിലെ പരമാവധി അംഗത്വം 552 ആണെന്ന് ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ട്. 530 പേർ സംസ്ഥാനങ്ങളിൽ നിന്നും 20 പേർ യൂണിയൻ ടെറിട്ടറികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നു. ആംഗ്ലോ ഇന്ത്യൻ സമുദായത്തിനു വേണ്ടത്ര പ്രാതിനിധ്യമില്ലെങ്കിൽ രാഷ്ട്രപതിക്ക് രണ്ടുപേരെ വരെ നാമനിർദേശം ചെയ്യാം. പിരിച്ചുവിട്ടില്ലെങ്കിൽ ലോക്സഭയുടെ കാലാവധി അഞ്ചുവർഷമാണ്. 15-ാം ലോക്സഭയാണ് ഇപ്പോഴത്തേത്.

30 വയസ്സിൽ കുറയാത്തവർക്ക് രാജ്യസഭയിലും 25 വയസ്സിൽ കുറയാത്തവർക്ക് ലോക്സഭയിലും അംഗങ്ങളാകാം. ഭരണഘടനാപ്രകാരമുള്ള നടപടികളിലൂടെ രാഷ്ട്രപതിയെ ഇംപീച്ച് ചെയ്യാനും സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരെയും ചീഫ് ഇലക്ഷൻ കമ്മീഷണർ, കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ തുടങ്ങിയവരെയും നീക്കം ചെയ്യാനും പാർലമെണ്ടിന് അധികാരമുണ്ട്. ഏതു നിയമനിർമാണത്തിനും പാർലമെണ്ടിന്റെ ഇരുസഭകളുടെയും അംഗീകാരം ആവശ്യമാണ്. പ്രധാനമന്ത്രിയും കാബിനറ്റ് മന്ത്രിമാരും സഹമന്ത്രിമാരും ചേർന്നതാണ് കേന്ദ്രമന്ത്രിസഭ.

CYAN MAGENTA YELLOW BLACK



രാഷ്ട്രീയം

പി. ടി. ജോസ്

# തെരഞ്ഞെടുപ്പു സ്വതന്ത്രവും സുതാര്യവുമാക്കാൻ മുൻകരുതൽ വേണം

**കള്ളവോട്ട് തടയാൻ സാമാന്യബുദ്ധിക്ക് തോന്നുന്ന ഒരു മാർഗമുണ്ട്. ബൂത്തിലേക്ക് കടക്കുന്നതിന് മുമ്പ് പരിശോധന നടത്തുന്ന ഒരു സംവിധാനം പുതുതായി ഏർപ്പെടുത്തണം. അത് പ്രിസൈഡിംഗ് ഓഫീസർമാരിൽ നിന്നും എടുത്തുമാറ്റി പ്രതിരോധ സേനാംഗങ്ങളെ ഏല്പിക്കണം. സേനാംഗങ്ങൾ സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ളവരായിരിക്കണം.**

നമ്മുടെ ടെക്നോളജി ഇത്രയും വികസിച്ച സാഹചര്യത്തിൽ യഥാർത്ഥ വോട്ടറുടെ വോട്ട് രേഖപ്പെടുത്താനും കള്ളവോട്ട് കണ്ടെത്താനും കഴിയില്ലേ? പോളിംഗ് ബൂത്തിൽ ഫോട്ടോ പതിച്ച കാർഡുമായി എത്തുന്നവരുടെ കാർഡ് വാങ്ങി ഫോട്ടോ ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തുകയും അത് സ്ഥാനാർത്ഥികളുടെ ഏജന്റുമാരെ ബോധ്യപ്പെടുത്തുകയും ചെയ്യാൻ ഇനി ഭരണഘടന ഭേദഗതി ചെയ്യണമോ?

ഇപ്പോൾ പേരും വിലാസവും വായിക്കുകയും തങ്ങളുടെ കൈവശമുള്ള വോട്ടേഴ്സ് ലിസ്റ്റിൽ അത് മാർക്കു ചെയ്യുകയും ചെയ്യുന്നതിനപ്പുറം ഒരു വേരിഫിക്കേഷനും നടക്കാറില്ല. നടത്താൻ സമ്മതിക്കാറുമില്ല. കള്ളവോട്ട് തടയാൻ സാമാന്യബുദ്ധിക്ക് തോന്നുന്ന ഒരു മാർഗമുണ്ട്. ബൂത്തിലേക്ക് കടക്കുന്നതിന് മുമ്പ് പരിശോധന നടത്തുന്ന ഒരു സംവിധാനം പുതുതായി ഏർപ്പെടുത്തണം. അത് പ്രിസൈഡിംഗ് ഓഫീസർമാരിൽ നിന്നും എടുത്തുമാറ്റി പ്രതിരോധ സേനാംഗങ്ങളെ ഏല്പിക്കണം. സേനാംഗങ്ങൾ സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ളവരായിരിക്കണം. അവർ കാർഡ് വാങ്ങി ഫോട്ടോയും ആളിനെയും ഒത്തുനോക്കി കയറ്റിവിടണം ഇതോടൊപ്പം ഫോട്ടോ പതിച്ച ഇലക്ഷൻ കമ്മീഷന്റെ വോട്ടേഴ്സ്‌ലിസ്റ്റിന്റെ ഒരു കോപ്പി പരിശോധനാ ഉദ്യോഗസ്ഥന്റെ കൈവശം ഉണ്ടാകുകയും വേണം. അല്ലെങ്കിൽ അവിടെയും ദുരുപയോഗം ഉണ്ടാവാൻ ഇടയുണ്ട്.

ഇപ്പോൾ വോട്ടറെക്കൊണ്ട് ഒപ്പിടുവിക്കുന്ന ഏർപ്പാടുണ്ട്. അത് മാറ്റി വിരലടയാളം പതിപ്പിച്ചാൽ, തർക്കം ഉണ്ടായാൽ കൃത്രിമം കണ്ടെത്താൻ എത്ര സഹായകമാണ്. ആരും കാണാതെ നടത്തുന്ന മോഷണത്തിലെ പ്രതികളെ സമർത്ഥരായ പോലീസുകാർ വിരലടയാളം വച്ചു കണ്ട് പിടിക്കാറുണ്ടല്ലൊ. പരീക്ഷിക്കാവുന്ന ഒരു നിർദേശം മാത്രം. അതുമല്ലെങ്കിൽ യഥാർത്ഥ വോട്ടറുടെ വിരലടയാളം ശേഖരിച്ച് നേരത്തെ തന്നെ സ്റ്റോർ ചെയ്താൽ അയാൾ ഇല്ലാതെ മറ്റൊരാൾ വന്ന് വോട്ടു ചെയ്യുമ്പോൾ വോട്ടിംഗ് മെഷീൻ തന്നെ കള്ളത്തരം കണ്ടുപിടിച്ചു കൊള്ളില്ലേ? കോടികൾ ചിലവഴിക്കുന്ന തെരഞ്ഞെടുപ്പു പ്രക്രിയ തികച്ചും കുറ്റമറ്റതാക്കാൻ അല്പം കൂടി ചെലവു വരുന്നതിൽ കുഴപ്പമൊന്നുമില്ല.

ഈ തിരഞ്ഞെടുപ്പിൽ ഉയർന്നുവന്ന മറ്റൊരു വിവാദം ഓപ്പൺ വോട്ട് സമ്പ്രദായം സംബന്ധിച്ചുള്ളതാണ്. ഓപ്പൺ വോട്ട് സമ്പ്രദായം ഏർപ്പടുത്തിയിരിക്കുന്നത് ചില പ്രത്യേക വിഭാഗത്തിൽപെട്ടവർക്കു മാത്രമാണ്. അന്ധർക്കും സ്വയമേ വോട്ട് രേഖപ്പെടുത്താൻ കഴിയാത്തവർക്കും. എന്നാൽ ഇപ്രാവശ്യം 18കാരൻ മുതൽ വ്യാപകമായി ഓപ്പൺ വോട്ട് ചെയ്തു. പാർട്ടികേഡറുകളുടെ അകമ്പടിയോടെയാണു ചെയ്തത്.

ഓപ്പൺ വോട്ടിന്റെ കണക്കുകൾ പ്രിസൈഡിംഗ് ഓഫീസർമാർ നല്കേണ്ടതാണ്. ഒരു പരിശോധന ആയിക്കൂടേ ഇലക്ഷൻ കമ്മീഷന്? നിർദേശങ്ങൾക്ക് വിരുദ്ധമായി ആരെയെങ്കിലും ഓപ്പൺ വോട്ട് ചെയ്യാൻ അനുവദിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാമല്ലൊ. നിവൃത്തികേട് കൊണ്ടാണെങ്കിലും മനഃപൂർവമാണെങ്കിലും തെറ്റ് ചെയ്യാൻ അനുവദിക്കുന്ന ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടുമെന്നു വന്നാൽ കുറെപ്പേരെങ്കിലും നേരെ ചൊവ്വേ പ്രവർത്തിക്കാൻ തയ്യാറായേക്കും. ഇത്രയൊക്കെ പരാതികളും ബഹളങ്ങളും എല്ലാം ഉണ്ടായിട്ടും പോളിംഗുമായി ബന്ധപ്പെട്ട ഒരൊറ്റ ഉദ്യോഗസ്ഥന്റെ പേരിലും നടപടി എടുത്തതായി അറിവില്ല.

അർഹതപ്പെട്ടവരല്ലാതെ മറ്റാരെയും ഓപ്പൺ വോട്ട് ചെയ്യാൻ അനുവദിക്കുന്നത് വോട്ടിംഗിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തും. തങ്ങളുടെ കക്ഷിക്ക് തന്നെ വോട്ട് ചെയ്യണമെന്ന പാർട്ടിതീട്ടൂരം ലംഘിക്കുമോ എന്ന ആശങ്കയും വോട്ടറുടെ നിലപാടിലുള്ള സംശയവും കാരണം വോട്ടിംഗ് കഴിയുന്നതുവരെ വോട്ടറായ പൗരനെ പാർട്ടി സഖാവിന്റെ തടങ്കലിൽ വച്ച് അയാൾ പറയുന്ന ആൾക്ക് വോട്ട് ബലമായി ചെയ്യിക്കുന്നു. ഇങ്ങനെ നടന്നിട്ടുണ്ടെങ്കിൽ അത് പൗരാവകാശ ലംഘനവും തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമല്ലേ? എന്തായാലും ഒരന്വേഷണം ആകാം.

ഇലക്ഷൻ കമ്മീഷനാണ് തിരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം ഭരണഘടന നല്കിയിരിക്കുന്നത്. കുറെയൊക്കെ കുറ്റമറ്റ രീതിയിൽ അതു നടത്താറുമുണ്ട്. അതു മതിയോ? നൂറുശതമാനം കുറ്റമറ്റതാവണ്ടേ ഇലക്ഷൻ? അങ്ങനെ ആവണമെങ്കിൽ ഇലക്ഷനോടനുബന്ധിച്ച് ഉണ്ടാകുന്ന അക്രമപരമ്പരകളും ക്രമക്കേടുകളും സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ ന്യായമായ തീർപ്പുകല്പിക്കണം. തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ, അത് ഏത് പാർട്ടിക്കാരനായാലും എത്ര ഉന്നതനായാലും കർശന നടപടി സ്വീകരിക്കണം. ഈ തിരഞ്ഞെടുപ്പിൽ അത് കുറെക്കൂടി ശക്തവും വ്യക്തവും ആയിരുന്നു. ഇലക്ഷൻ കമ്മീഷന്റെ ഈ തീരുമാനങ്ങളും ഇടപെടലുകളും പാർലമെണ്ടറി ജനാധിപത്യം നിലനിന്നു കാണാൻ ആഗ്രഹിക്കുന്ന വലിയവിഭാഗം ജനങ്ങളുടെ മനം കുളിർപ്പിക്കുന്നു.

**തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതുപോലെ തന്നെയുള്ള ഒരു നിയമനമല്ലേ ഇലക്ഷൻ ഏജന്റിന്റേതും. ആ നിലയ്ക്ക് ആ നിയമനത്തിന്റെ പേരിൽ ഒരു പൗരനും ആക്രമിക്കപ്പെട്ടു കൂടാ. അവന് എല്ലാ സംരക്ഷണവും ഉറപ്പുവരുത്താൻ ഇലക്ഷൻ കമ്മീഷന് ബാധ്യതയില്ലേ? ലോക്സഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് ഏജന്റുമാരായി നിയമനം ലഭിച്ചവരിൽ നൂറിലധികം പേർ അക്രമത്തിനു വിധേയരായിട്ടുണ്ട്. ഏജന്റുമാരായി ഇരുന്നതിന്റെ പേരിൽ ആരെയെങ്കിലും പീഡിപ്പിച്ചാൽ അക്കാര്യം ഇലക്ഷൻ കമ്മീഷനിൽ നിന്നു നടപടിയുണ്ടാകും വിധം തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്തുകൂടേ?**

കർശനമായ നിലപാടുകളാണല്ലോ ഇലക്ഷൻ കമ്മീഷണറായിരുന്ന ടി.എൻ ശേഷനെ ജനങ്ങളുടെ പ്രിയങ്കരനാക്കിയത്. അതുകൊണ്ടു കൂടി പറയട്ടെ, ശരിയായതു ചെയ്യുന്ന ഏതൊരാളെയും സമൂഹം അംഗീകരിക്കും. ശരിയാണ് സമൂഹം ആഗ്രഹിക്കുന്നത്. തെറ്റുതടയാൻ അവർക്കു കഴിയാറില്ലെങ്കിലും കൃത്രിമം കാണിക്കുകയും അക്രമം അഴിച്ചുവിടുകയും ചെയ്യുന്നവർക്ക്, അത് തിരഞ്ഞെടുപ്പ് നടക്കുന്ന അവസരത്തിലായാലും അതിന് ശേഷമായാലും, അടുത്ത തിരഞ്ഞെടുപ്പിൽ അയോഗ്യരാക്കുന്നതടക്കമുള്ള ശിക്ഷ ഉണ്ടാകും എന്ന് വന്നാൽ കാര്യങ്ങൾക്ക് കുറെയൊക്കെ മാറ്റം വരില്ലേ? വരുൺ ഗാന്ധിയുടെ പ്രസംഗങ്ങൾ ഇലക്ഷൻ കമ്മീഷന്റെ നടപടികൾക്കും താക്കീതുകൾക്കും ശേഷം എത്ര സൂക്ഷിച്ചായിരുന്നു.

മെയ് മാസം ഒൻപതിലെ പത്രങ്ങളിൽ ഒരു വാർത്ത കണ്ടു. 'ഡിസിസി പ്രസിഡണ്ടിന്റെ കാർ ആക്രമിച്ചു' എന്നായിരുന്നു ആ വാർത്ത. അതിന് നിദാനമായ സംഭവം ഇപ്പോൾ നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് കോട്ടയായ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കോട്ടയം പഞ്ചായത്തിലെ രണ്ടാം ബൂത്ത് ഏജന്റായി യുഡിഎഫിന് വേണ്ടി ഇരുന്ന എം.പി. ലക്ഷ്മണൻ എന്ന ഇന്ത്യൻ പൗരൻ തിരഞ്ഞെടുപ്പ് കഴിഞ്ഞ് കുറെദിവസമായി ഭീഷണി ഭയന്ന് സ്വന്തം വീട്ടിൽ നിന്ന് മാറിനില്ക്കുകയായിരുന്നു. എല്ലാവരുടെയും വീറും വാശിയും കുറഞ്ഞു കാണുമെന്ന് കരുതി അയാൾ തിരിച്ച് വന്നതേ വീടിന് നേരെ കല്ലേറും ആക്രമണവും നടത്തി. അതറിഞ്ഞ് സമാധാനിപ്പിക്കാൻ ചെന്നതാണ് ജില്ലയിലെ കോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷൻ. അതൊരു കുറ്റമായി കണ്ടാവാം അക്രമികൾ അദ്ദേഹത്തിന്റെ കാറിന് നേരെ ആക്രമണം നടത്തിയത്. അദ്ദേഹത്തെ കോൺഗ്രസ് പ്രസ്ഥാനം സംരക്ഷിക്കും. എന്റെ ചോദ്യം അതല്ല, ഇലക്ഷൻ ഏജന്റ് ഇലക്ഷൻ കമ്മീഷന്റെ ഭാഗമല്ലേ?

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതുപോലെ തന്നെയുള്ള ഒരു നിയമനമല്ലേ ഇലക്ഷൻ ഏജന്റിന്റേതും. ആ നിലയ്ക്ക് ആ നിയമനത്തിന്റെ പേരിൽ ഒരു പൗരനും ആക്രമിക്കപ്പെട്ടു കൂടാ. അവന് എല്ലാ സംരക്ഷണവും ഉറപ്പുവരുത്താൻ ഇലക്ഷൻ കമ്മീഷന് ബാധ്യതയില്ലേ? ലോക്സഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് ഏജന്റുമാരായി നിയമനം ലഭിച്ചവരിൽ നൂറിലധികം പേർ അക്രമത്തിനു വിധേയരായിട്ടുണ്ട്. ഏജന്റുമാരായി ഇരുന്നതിന്റെ പേരിൽ ആരെയെങ്കിലും പീഡിപ്പിച്ചാൽ അക്കാര്യം ഇലക്ഷൻ കമ്മീഷനിൽ നിന്നു നടപടിയുണ്ടാകും വിധം തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്തുകൂടേ?

ഒരു കാര്യം ബന്ധപ്പെട്ടവരുടെയൊക്കെ ശ്രദ്ധയിൽപെടുത്തട്ടെ. കള്ളവോട്ട് സംസ്കാരം പലരൂപത്തിലും ഭാവത്തിലും വളർന്നു വരുന്നു. 1976ലെ ഇരിക്കൂർ ഉപതിരഞ്ഞെടുപ്പ് മുതലാണ് തിരഞ്ഞെടുപ്പ് പ്രവർത്തനം വിലയിരുത്താൻ എനിക്ക് അവസരം ലഭിച്ചത്. ആ ഉപതിരഞ്ഞെടുപ്പിൽ ഇടതുസ്ഥാനാർത്ഥി ഇ.കെ. നായനാരും വലത് സ്ഥാനാർത്ഥി ആർഎസ്പി (ബേബി ജോൺ) വിഭാഗത്തിന്റെ കെ. അബ്ദുൾഖാദറുമായിരുന്നു. തിരഞ്ഞെടുപ്പ് പ്രവർത്തനം വളരെ ചിട്ടയോടെ നടക്കുന്ന വടക്കൻ മേഖലയിലുള്ളവർക്ക് തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ അവസാന റൗണ്ടിൽ വിജയപരാജയങ്ങൾ നിർണയിക്കാൻ കഴിയുന്നതരത്തിൽ ബൂത്ത് ലവലിൽ നിന്നും തങ്ങൾക്കും എതിർ സ്ഥാനാർത്ഥിക്കും ലഭിക്കുന്ന വോട്ടിന്റെ എണ്ണം ലഭിക്കും. ആകെ കണക്കാക്കി എടുക്കുന്ന വിലയിരുത്തലിൽ വലിയ തെറ്റ് കാണാറില്ല. അങ്ങനെ കണക്ക് കൂട്ടിയപ്പോൾ ഇ.കെ. നായനാർ ചുരുങ്ങിയ വോട്ടിന് തോല്ക്കും. പിന്നെ ജയിക്കാനുള്ള വഴി കണ്ടെത്തുകയാണ്.

>> 8

**കർശനമായ നിലപാടുകളാണല്ലൊ ഇലക്ഷൻ കമ്മീഷണറായിരുന്ന ടി.എൻ ശേഷനെ ജനങ്ങളുടെ പ്രിയങ്കരനാക്കിയത്. അതുകൊണ്ടു കൂടി പറയട്ടെ, ശരിയായതു ചെയ്യുന്ന ഏതൊരാളെയും സമൂഹം അംഗീകരിക്കും. ശരിയാണ് സമൂഹം ആഗ്രഹിക്കുന്നത്. തെറ്റുതടയാൻ അവർക്കു കഴിയാറില്ലെങ്കിലും കൃത്രിമം കാണിക്കുകയും അക്രമം അഴിച്ചുവിടുകയും ചെയ്യുന്നവർക്ക്, അത് തിരഞ്ഞെടുപ്പ് നടക്കുന്ന അവസരത്തിലായാലും അതിന് ശേഷമായാലും, അടുത്ത തിരഞ്ഞെടുപ്പിൽ അയോഗ്യരാക്കുന്നതടക്കമുള്ള ശിക്ഷ ഉണ്ടാകും എന്ന് വന്നാൽ കാര്യങ്ങൾക്ക് കുറെയൊക്കെ മാറ്റം വരില്ലേ?**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

**വിജ്ഞാനം**

**ടി.കെ. മാറിയിടം**

# പരിസ്ഥിതി സംരക്ഷണവും ലോകപരിസ്ഥിതിദിനവും

**പ്രകൃതിവിഭവങ്ങളെ പരമാവധി കാലത്തേക്ക് പരമാവധി എണ്ണം ജീവികൾക്ക് മിതമായ അളവിൽ ലഭ്യമാകത്തക്കവിധം കൈകാര്യം ചെയ്യുന്നതാണ് പ്രകൃതിസംരക്ഷണം. മനുഷ്യൻ ഒഴികെയുള്ള ജീവികളെല്ലാം ഈ തത്ത്വമനുസരിച്ചാണ് ജീവിക്കുന്നത്. എന്നാൽ മനുഷ്യൻ മാത്രമാണ് ഈ പ്രകൃതിനിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് എന്നത് തികച്ചും വിരോധാഭാസമല്ലേ!**

ജൂൺ അഞ്ചാം തീയതിയുടെ പ്രാധാന്യം നമുക്കറിയാം. അന്നാണ് ലോക പരിസ്ഥിതിദിനം. എന്താണ് പരിസ്ഥിതി?

ജീവികളായ നമ്മുടെ ചുറ്റുപാടും പരസ്പരം ബന്ധപ്പെട്ടു കാണപ്പെടുന്ന ജീവിയവും അജീവിയവുമായ ഘടകങ്ങളുടെ ആകെത്തുകയാണ് പരിസ്ഥിതി (Ecosystem).

നാമൊന്നു ചുറ്റും കണ്ണോടിച്ചാൽ നമ്മെ ആശ്രയിച്ചും നമുക്ക് ആശ്രയമായും ജീവിക്കുന്ന അനേകം സസ്യങ്ങളെയും ജന്തുക്കളെയും കാണാം. ഇവയാണ് പ്രകൃതിയിലെ ജീവിയഘടകങ്ങൾ. ഏകകോശജീവിയായ അമീബ മുതൽ നമ്മൾ മനുഷ്യർ വരെ ഈ ഗണത്തിൽപെടും. നമ്മെ ജീവനോടെ നിലനിർത്തുന്ന വായു, ജലം, മണ്ണ്, പ്രകാശം, താപം, ലോഹങ്ങൾ, ധാതുക്കൾ എന്നിവയും പ്രകൃതിയിലുണ്ട്. ഇവ അജീവിയ ഘടകങ്ങളാണ്.

ജീവികളുടെ ജീവത്പ്രവർത്തനമാണ് ഉപാപചയം (Metabolism). ഇതിനു രണ്ട് ഘട്ടങ്ങളുണ്ട്. ഒന്നാംഘട്ടമായ ഉപചയത്തിൽ ആഹാരനിർമാണം, സ്വീകരണം, സ്വാംശീകരണം എന്നിവ നടക്കുന്നു. രണ്ടാംഘട്ടമായ അപചയത്തിൽ ശ്വസനവും ഊർജവിമോചനവും നടക്കുന്നു. അനുസ്യൂതമായ ഈ പ്രവർത്തനങ്ങളുടെ ഫലമായി ഊർജലഭ്യതയ്ക്കൊപ്പം ഉപോത്പന്നമായി കുറെ മാലിന്യങ്ങളും പുറത്തുവരുന്നു – മൂത്രം, മലം, വിയർപ്പ്, കാർബൺഡയോക്സൈഡ് തുടങ്ങിയവ ജൈവവിസർജ്യങ്ങളാണ്. ഇവയും ജീവികൾ ചാകുമ്പോൾ ശേഷിക്കുന്ന ജീർണശരീരങ്ങളും വിഘടിച്ചു അജീവിയ ഘടകങ്ങളോട് ചേരുന്നു. ഈ വിഘടനം നിർവഹിക്കുന്നത് ബാക്ടീരിയ ആണ്.

സൂര്യപ്രകാശം, അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ് മണ്ണിൽ നിന്നുള്ള ലവണജലം എന്നിവ ഹരിതസസ്യങ്ങളിൽവച്ച് കൂടിച്ചേർന്ന് ആഹാരം നിർമിക്കുന്നതാണ് പ്രകാശസംശ്ലേഷണം. ഇവിടെ ആഹാര തന്മാത്രകളിൽ സൗരോർജം (Solar Energy) ബന്ധിക്കപ്പെടുന്നു. അങ്ങനെ ഹരിതസസ്യങ്ങൾ ഉത്പാദകരായി. മനുഷ്യരുൾപ്പെടെ ജന്തുക്കളെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ആഹാരത്തിന് സസ്യങ്ങളെ ആശ്രയിക്കുന്നതിനാൽ ഉപഭോക്താക്കളായി. ബാക്ടീരിയ വിഘാടകരും.

ജീവികൾ ആഹാരത്തെയും അതിലടങ്ങിയ ഊർജത്തെയും സ്വീകരിച്ചും കൊടുത്തും കൈമാറിപ്പോകുമ്പോൾ രൂപപ്പെടുന്നതാണ് ആഹാരശൃംഖല (Food chain). നാമെല്ലാം അതിലെ കണ്ണികളാണ്.




*ആഹാരശൃംഖല*

ഉത്പാദകർ – ഉപഭോക്താക്കൾ – വിഘാടകർ – അജീവിയ ഘടകങ്ങൾ. ഉപഭോക്താക്കളുടെ എണ്ണം കൂടുമ്പോൾ ആഹാരശൃംഖലയുടെ നീളവും കൂടുന്നു. ഉദാ: ഹരിതസസ്യം – സസ്യഭോജി – മാംസഭോജി – ബാക്ടീരിയ – അജീവിയ വസ്തുക്കൾ.

ഈ ചങ്ങലയിലെ അനേകം കണ്ണികളിലൊന്നു മാത്രമാണ് മനുഷ്യൻ. ഈ പ്രകൃതിയിലെ ജീവത്പ്രവർത്തനങ്ങൾ മൊത്തം ഒരു ചാക്രീയസംവിധാനമാമെന്നു മനസ്സിലായല്ലോ. കൊണ്ടും കൊടുത്തുമുള്ള ഈ വിനിമയത്തിൽ ഒന്നും ഇല്ലാതാകുന്നില്ല. ഒന്നും അമിതമാകുന്നുമില്ല. താത്കാലിക രൂപമാറ്റം മാത്രം. ഈ വിനിമയം അനുസ്യൂതം, അഭംഗുരം തുടരണം.

പ്രകൃതിവിഭവങ്ങളെ പരമാവധി കാലത്തേക്ക് പരമാവധി എണ്ണം ജീവികൾക്ക് മിതമായ അളവിൽ ലഭ്യമാകത്തക്കവിധം കൈകാര്യം ചെയ്യുന്നതാണ് പ്രകൃതിസംരക്ഷണം. മനുഷ്യൻ ഒഴികെയുള്ള ജീവികളെല്ലാം ഈ തത്ത്വമനുസരിച്ചാണ് ജീവിക്കുന്നത്. എന്നാൽ മനുഷ്യൻ മാത്രമാണ് ഈ പ്രകൃതിനിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് എന്നത് തികച്ചും വിരോധാഭാസമല്ലേ!





സൈലന്റ് വാലി, പാലക്കാട്

നമ്മൾ വനങ്ങൾ നശിപ്പിച്ചു. വന്യജീവികളെ കൊന്നൊടുക്കി. പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടമാക്കി. കോൺക്രീറ്റ് കൂടുകൾ പണിതു. ക്രമേണ ജലസ്രോതസുകൾ അപ്രത്യക്ഷമായി. നദികൾ വറ്റി. മണ്ണ് ഊഷരമായി. ജീവവായു വിഷമയവുമായി.

ഫലങ്ങൾ – വരൾച്ച, കാലാവസ്ഥാ വ്യതിയാനം, താപവർധന, ജലപ്രളയം, പുകമഞ്ഞ്, ഓസോൺ പാളിയിലെ വിള്ളൽ, സുനാമി, ചുഴലിക്കാറ്റ്, മലിനീകരണം. സമ്മാനിച്ച രോഗങ്ങളോ? ആസ്ത്മ, സിലിക്കോസിസ്, ക്ഷയം, ത്വക്‌രോഗങ്ങൾ, ശ്വാസകോശാർബുദം, എലിപ്പനി, ചിക്കുൻഗുനിയ...

നമ്മുടെ ഇളം തലമുറയ്ക്കുവേണ്ടി ബഹുനിലമന്ദിരങ്ങളും എസ്റ്റേറ്റുകളും കോടികളുടെ ബാങ്കുബാലൻസും സമ്പാദിച്ചുവയ്ക്കാൻ നമുക്കു കഴിയും. എന്നാൽ, അവർക്ക് കാലാകാലത്തോളം ലഭ്യമാകത്തവിധം ടൺകണക്കിന് ശുദ്ധവായുവും ഗ്യാലൻ കണക്കിന് ശുദ്ധജലവും കരുതിവയ്ക്കാൻ സാധിക്കുമോ? ഇല്ലെങ്കിൽ പിന്നെന്തിന് നാം ഇത്ര വ്യഗ്രതപ്പെടുന്നു?...

മലിനീകരണം ഇങ്ങനെ തുടർന്നാൽ 2050 ആകുമ്പോഴേക്കും അന്തരീക്ഷതാപം ഇപ്പോഴത്തേതിൽ നിന്ന് $9^0F$ വരെ ഉയരുമത്രെ. ഇങ്ങനെ സംഭവിച്ചാൽ? കാടുകൾ കത്തിനശിക്കും, കൃഷിഭൂമികൾ മരുഭൂമികളാകും, ധ്രുവങ്ങളിൽ ഹിമാനികൾ ഉരുകും, കടലിലെ ജലനിരപ്പുയർന്ന് താഴ്ന്ന പ്രദേശങ്ങളെല്ലാം മുങ്ങും. ജീവികൾ കുടിവെള്ളം തേടി അലയും, ജീവിതം ദുസ്സഹമാകും...

**മലിനീകരണം ഇങ്ങനെ തുടർന്നാൽ 2050 ആകുമ്പോഴേക്കും അന്തരീക്ഷതാപം ഇപ്പോഴത്തേതിൽ നിന്ന് $9^0F$ വരെ ഉയരുമത്രെ. ഇങ്ങനെ സംഭവിച്ചാൽ? കാടുകൾ കത്തിനശിക്കും, കൃഷി ഭൂമികൾ മരുഭൂമികളാകും, ധ്രുവങ്ങളിൽ ഹിമാനികൾ ഉരുകും, കടലിലെ ജലനിരപ്പുയർന്ന് താഴ്ന്ന പ്രദേശങ്ങളെല്ലാം മുങ്ങും. ജീവികൾ കുടിവെള്ളം തേടി അലയും, ജീവിതം ദുസ്സഹമാകും... ഇവിടെയാണ് പരിസ്ഥിതി സംരംക്ഷണത്തിന്റെ പ്രസക്തി.**

ഇവിടെയാണ് പരിസ്ഥിതിസംരംക്ഷണത്തിന്റെ പ്രസക്തി.1972ൽ സ്വീഡനിൽ നടന്ന അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനത്തിൽ എടുത്ത തീരുമാനമാണ് 'നശീകരണം കൂടാതെ വികസനം'. ഇതെങ്ങനെ സാധിക്കും? നമ്മുടെ കാഴ്ചപ്പാടുകൾ മാറ്റുക. നമ്മുടെ അമ്മയായ ഭൂമിയുടെ പരിക്കുകൾ സാവധാനം ഭേദമാക്കുക. ഭൂമാതാവിന്റെ സൗന്ദര്യവും മക്കളായ നമ്മുടെ ആരോഗ്യവും വീണ്ടെടുക്കുക. ഈ ലക്ഷ്യം നമ്മെ ഓർമപ്പെടുത്താനാണ് എല്ലാവർഷവും ജൂൺ അഞ്ച് ലോക പരിസ്ഥിതിദിനമായി ആചരിക്കുന്നത്.

**അമേരിക്കയിൽ വ്യത്യസ്തമേഖലകൾ പുറംതള്ളുന്ന കാർബൺഡയോക്സൈഡ്**



CYAN MAGENTA YELLOW BLACK

## കാഴ്ചവട്ടം

**പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള**

# ജോസ് കെ. മാണിയുടെ വിജയം രാഷ്ട്രീയവും വ്യക്തിപരവും

**കോ**ട്ടയം ലോക്സഭാ മണ്ഡലത്തിലെ ജോസ് കെ.മാണിയുടെ തകർപ്പൻ വിജയം രാഷ്ട്രീയ ശക്തിയുടെ പിൻബലമുള്ള വ്യക്തിശുദ്ധിയുടെ വിജയമാണ്. എന്തെല്ലാം നിഷേധാത്മകവും ബാലിശവുമായ ആരോപണങ്ങൾ അഴിച്ചുവിട്ടിട്ടും പൊതുജനങ്ങളുടെ ഉള്ളിലേക്ക് അവയൊന്നും ചെന്നതേയില്ല. കാരണം പൊതുജനങ്ങൾ കൂടുതൽ പ്രബുദ്ധരായിരിക്കുന്നു. കാര്യങ്ങൾ അപഗ്രഥിച്ച് മനസ്സിലാക്കാനുള്ള കഴിവ് അവർ നന്നായി ഉപയോഗിച്ചു. മാത്രവുമല്ല ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും എന്ന സങ്കല്പത്തിലധിഷ്ഠിതമായ രാഷ്ട്രീയ ശാക്തിക മുദ്രാവാക്യത്തിന്റെ അലയൊലികൾ ലോക്സഭയുടെ അകത്തളത്തിൽ മുഴക്കേണ്ട സമയമായെന്നു ജനങ്ങൾ ഈ വിധിയെഴുത്തിലൂടെ തെളിയിച്ചിരിക്കുകയുമാണ്.

ഒരിക്കലും ശരിയാവില്ലെന്നു തുടക്കം മുതൽ പറഞ്ഞുകൊണ്ടിരുന്നവർ തന്നെ പതുക്കെപ്പതുക്കെ തിരുത്തിപ്പറയാൻ തുടങ്ങി. ഇത്തരം കൊച്ചുവർത്തമാനങ്ങൾ നിർമിക്കുന്നതും വില്ക്കുന്നതും പ്രചരിപ്പിക്കുന്നതും പ്രധാനമായും രാഷ്ട്രീയമില്ലാത്തവരാണെന്നോർക്കുക. പക്ഷേ, വിജയ പരാജയങ്ങളുടെ പ്രധാന കണ്ണികളും ഇത്തരം ദേഹണ്ഡക്കമ്മിറ്റിക്കാരാണ്.

കയ്യാലപ്പുറത്തിരിക്കുന്നവർ, ഓളത്തിനൊത്തു നീന്തുന്നവർ, കാറ്റിനനുസരിച്ച് വീശുന്നവർ. ഇക്കൂട്ടർ എപ്പോഴും വിമർശകരാണ്. അതോടൊപ്പം കാര്യങ്ങൾ നന്നായി നോക്കികണ്ടു പ്രവർത്തിക്കുന്നവരുമുണ്ട്. ഇക്കൂട്ടരുടെ മനസ്സുമാറാൻ നിമിഷങ്ങൾ മതി.

സത്യം പറഞ്ഞാൽ ജോസ് കെ. മാണിയുടെ കുതിപ്പ് ശൂന്യതയിൽ നിന്നായിരുന്നു. രാഷ്ട്രീയ അടിത്തറയില്ലായ്മയല്ല. പാർട്ടിയും മുന്നണിയുമൊക്കെ ശക്തമായിരുന്നു. അസൂയകൊണ്ടും വിവരമില്ലായ്മകൊണ്ടും നാവെടുത്ത് വിളയാടുന്നവരുടെ നാവടയ്ക്കാൻ ഏറെ പണിപ്പെടേണ്ടിവന്നു. അതിനാൽ തന്നെ ആ വിജയത്തിന് അതിമധുരം. തെരഞ്ഞെടുപ്പിൽ ജോസ് കെ. മാണിയുടെ വ്യക്തിപരമായ പ്രതിച്ഛായ വളരെ വർധിപ്പിച്ച ഒരു ചടങ്ങായിരുന്നു, കോട്ടയം തിരുനക്കര മൈതാനിയിൽ നടന്ന 'അങ്കത്തട്ട്'. കേരള കൗമുദി പത്രവും എ.സി.വി ടെലിവിഷനും സംയുക്തമായി സംഘടിപ്പിച്ച ഒരു തെരഞ്ഞെടുപ്പ് സംവാദം. ഒരു പക്ഷേ, കോട്ടയത്ത് കയ്യാങ്കളിയില്ലാതെ നടന്ന ഏക രാഷ്ട്രീയ സംവാദവും ഇതായിരുന്നു. മൈതാനം നിറഞ്ഞുകവിഞ്ഞ ജനക്കൂട്ടം. സുരേഷ് കുറുപ്പും ജോസ് കെ.മാണിയും നാരായണൻ നമ്പൂതിരിയും അങ്കത്തട്ടിൽ കച്ചകെട്ടി വാക്പയറ്റ് നടത്തി. എംഎൽഎമാരായ തോമസ് ചാഴികാടനും വി.എൻ.വാസവനും തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് പിന്തുണയുമായി ചടങ്ങിൽ നേർക്കുനേർ അടരാടി. ഞാനായിരുന്നു അങ്കത്തട്ടിന്റെ മോഡറേറ്റർ. തുടക്കത്തിൽ ജോസ് കെ. മാണി എത്തിയിരുന്നില്ല. അതിനാൽ തന്നെ തുടക്കം അദ്ദേഹത്തിന് അനുകൂലമായിരുന്നില്ല.

**മന്ത്രിപുത്രന്മാരെപ്പറ്റിയുള്ള ആക്ഷേപങ്ങൾ സർവസാധാരണം. ആശാരിയുടെ ചെരിവും തടിയുടെ വളവും അതിനു കാരണമാകാം. എന്തുണ്ടായാലും തീയില്ലെങ്കിൽ പുകയുണ്ടാകുമോ എന്നു പൊതുജനവും ചോദിക്കുകയും ചെയ്യും. മാണിസാർ എത്രയോ കാലമായി മന്ത്രിസ്ഥാനത്തു തുടർന്നിട്ടും ഒരിക്കൽപോലും ആ തരത്തിലുള്ള ഒരാരോപണവും ജോസ് കെ.മാണിയെപ്പറ്റി ഉണ്ടായിട്ടില്ലെന്നുള്ളതു ചെറിയകാര്യമല്ല. അതു തന്നെയാണ് അദ്ദേഹത്തിന്റെ സമ്പത്തും, സമ്പാദ്യവും. വ്യക്തിശുദ്ധിയുടെ വില പൊതുജനം മനസ്സിലാക്കി. മുപ്പത്തിയെട്ടുവർഷത്തെ എന്റെ പത്രപ്രവർത്തന പരിചയത്തിൽ നിന്നുള്ള വിലയിരുത്തലാണിതെന്നും കൂടി ഓർക്കുക.**

അരമണിക്കൂർ കഴിഞ്ഞാണ് ജോസ് കെ.മാണി സുസ്മേരവദനനായി കടന്നുവന്നത്. ആദ്യ മറുപടിയിൽ തന്നെ അദ്ദേഹം അങ്കത്തട്ടിൽ പിടിമുറുക്കി. ക്രമേണ നല്ല ഫോമിലായി. പക്ഷത്തും പ്രതിപക്ഷത്തുമുള്ളവരും പിന്നെ നിഷ്പക്ഷരും. ഇതിനിടയിൽ ചാഴികാടനും വാസവനും ഈറ്റപ്പുലികളെപ്പോലെ പരസ്പരം ഏറ്റുമുട്ടി പൊടിപാറിക്കുന്നുണ്ടായിരുന്നു!

"പാലാഴി ടയേഴ്സ് നശിപ്പിച്ച പിതാവിനെപ്പറ്റി എന്താണ് പറയാനുള്ളത്" " പെട്ടെന്ന് വെള്ളിടി പോലുള്ള ചോദ്യം.

"ഇത്തരം വ്യക്തിപരമായ ചോദ്യങ്ങൾ ശരിയല്ല. ഇതനുവദിക്കാനാവില്ല".

ഞാൻ കർക്കശമായി പറഞ്ഞു. പെട്ടെന്ന് ഇടയ്ക്കുകയറി ജോസ് കെ. മാണി പറഞ്ഞു:

" സാരമില്ല, ഞാൻ മറുപടി പറഞ്ഞോളാം"മൈതാനിയിലും പുറത്തുമായി കൂടിയിരുന്ന ആയിരക്കണക്കിനാളുകൾ ഉദ്വേഗത്തോടു കൂടി അദ്ദേഹത്തിന്റെ വാക്കുകൾ സാകൂതം ശ്രദ്ധിച്ചു.

"തെരഞ്ഞെടുപ്പ് വേളയിൽ പെട്ടെന്നഴിച്ചുവിട്ട ഈ ആരോപണത്തിന്റെ ലക്ഷ്യമെന്താണെന്നെല്ലാവർക്കുമറിയാം. കുളം കലക്കാനുള്ള ശ്രമം. ഇതിനുള്ള ശക്തമായ മറുപടി പാർട്ടി ലീഡർ തന്നെ ഇന്നു നല്കിയിട്ടുണ്ട്".

പറഞ്ഞു തീരുന്നതിനു മുമ്പു തന്നെ ജനാരവത്തിനിടയിൽ നിന്നും കയ്യടിയുടെ തരംഗം കുഞ്ഞോളങ്ങളായി മൈതാനിയിൽ ഒഴുകി പരക്കുകയായിരുന്നു. പതറിപ്പോകുന്ന, താളം തെറ്റിക്കുന്നു ഒരു വിഷയം വളരെ തന്മയത്വത്തോടും വിശ്വാസയോഗ്യമായ രീതിയിലും വിശദീകരിച്ചപ്പോൾ, മനഃപൂർവം കെട്ടിച്ചമച്ച ഒരു കടങ്കഥയായിരുന്നു 'പാലാഴി മഥന'മെന്ന് ജനങ്ങൾക്കു ബോധ്യമായി. പൊതുവികാരം പെട്ടെന്ന് ജോസ് കെ.മാണിക്ക് അനുകൂലമായി മാറി. മറുപക്ഷക്കാരായിരുന്നു കാണികളിലേറെയും. എങ്കിലും ജോമോൻ തിളങ്ങിയ നിമിഷങ്ങൾ.

'കൊള്ളാം കൊള്ളാം' ആളുകളിൽ നിന്നു പതുക്കെപ്പതുക്കെ അഭിനന്ദന വാക്കുകൾ പുറത്തുവന്നുതുടങ്ങി. മനഃപൂർവം ഇടിച്ചു താക്കാൻ ശ്രമിച്ചവർക്ക് കനത്ത തിരിച്ചടിയായി. പിന്നീട് ജോസ് കെ.മാണി കത്തിക്കയറി. അതോടെ അങ്കത്തട്ട് അദ്ദേഹത്തിന്റെ തട്ടായി, തട്ടകമായി. പ്രത്യേകിച്ചും സാമ്പത്തിക കാര്യ ചോദ്യങ്ങൾക്കുള്ള മറുപടികൾ ഗംഭീരമായി. ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ മെയ് വഴക്കം സ്ഥാനാർത്ഥിയിൽ ജനം കണ്ടറിഞ്ഞ നിമിഷങ്ങൾ. മാധ്യമപ്രവർത്തകർക്കും നിഷ്പക്ഷ രാഷ്ട്രീയ നിരീക്ഷകർക്കും ജോസ് കെ.മാണിയുടെ കഴിവുകളിൽ മതിപ്പു തോന്നിയ സന്ദർഭം.

രണ്ടാഴ്ച കഴിഞ്ഞു മാതൃഭൂമി, തങ്ങളുടെ പത്രസ്ഥാപനത്തിൽ വച്ചു നടത്തിയ രാഷ്ട്രീയ കൂട്ടായ്മയിലും മൂന്നു സ്ഥാനാർത്ഥികളും പങ്കെടുത്തിരുന്നു. ഈ സംവാദത്തിലും ജോസ് കെ.മാണി നന്നായി ശോഭിച്ചു. അപ്പോഴേക്കും ഇരുത്തം വന്ന ഒരു രാഷ്ട്രീയ നേതാവിന്റെ പക്വതയാർന്ന മറുപടികളായിരുന്നു, അദ്ദേഹത്തിന്റെ നേട്ടം. ഈ സംവാദത്തിലും പങ്കെടുത്ത ഞാൻ, ഏറ്റവും പ്രിയപ്പെട്ട സ്വപ്ന പദ്ധതി ഏതാണെന്ന് ജോസ് കെ. മാണിയോട് ചോദിച്ചു.

" അക്ഷരനഗരിയായ കോട്ടയത്തെ അറിവിന്റെ തലസ്ഥാനമായി (നോളജ് കാപ്പിറ്റൽ) മാറ്റുകയാണെന്റെ സ്വപ്ന പദ്ധതി. അന്താരാഷ്ട്രനിലവാരമുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു സാങ്കേതിക വിദ്യയുടെ കേന്ദ്രമായി കോട്ടയത്തെ മാറ്റുവാനുള്ള എളിയശ്രമങ്ങൾ നടത്തും." നാടിനെ സ്നേഹിക്കുന്ന ഒരു ജനപ്രതിനിധിയുടെ ഭാവം ആ വാക്കുകളിൽ ജ്വലിച്ചുനിന്നു.

പോളിംഗിന്റെ ആരവം കഴിഞ്ഞപ്പോൾ കൈരളി ടിവിയുടെ ആഫ്റ്റർ ഇഫക്ട് എന്ന പരിപാടിയിൽ കോട്ടയത്തിന്റെ ഭാവിഫലം പ്രവചിക്കാനുള്ള ഭാഗ്യവും എന്നിൽ വന്നുചേർന്നു. കോട്ടയം മണ്ഡലത്തിൽ അടിയൊഴുക്കുകൾ വിചാരിക്കാത്തതരത്തിൽ ഉണ്ടാകുമെന്നുള്ളതിനാൽ രാഷ്ട്രീയ പ്രവചനം അത്രയെളുപ്പമല്ലെന്നു സൂചിപ്പിച്ചുകൊണ്ടായിരുന്നു എന്റെ തുടക്കം. പാലായിലെയും കടുത്തുരുത്തിയിലെയും വോട്ടുകളാണ് ഇക്കുറി നിർണായകമെന്നു ഞാൻ തറപ്പിച്ചു പറയുകയും ചെയ്തു.

>> 8

## അറിയേണ്ടും വാർത്തകൾ

### ജോലിയിൽ വ്യാപൃതരാകൂ; ഓർമശക്തി നിലനിർത്തൂ



**ജോ**ലിഭാരം എന്നിനി ആരെങ്കിലും പറഞ്ഞാൽ അത് ഏറ്റവും വലിയ അബദ്ധ പരാമർശമായിരിക്കുമെന്നാണ് ലണ്ടനിലെ കിംഗ്സ് കോളജ് സൈക്യാട്രി വിഭാഗത്തിലെ ഒരു പറ്റം ഡോക്ടർമാർ നടത്തിയ പഠനം വ്യക്തമാക്കുന്നത്. കാരണം ജോലിയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതത്തിലേക്ക് മാത്രം ഒതുങ്ങിപ്പോകുന്നവരിൽ അൽഷിമേഴ്സ് ഉൾപ്പെടെയുള്ള തലച്ചോറുമായി ബന്ധപ്പെട്ട രോഗങ്ങൾ കൂടിവരുന്നു എന്നാണ് കണ്ടെത്തൽ.

വയോജനങ്ങൾക്കിടയിൽ ഏറി വരുന്ന ഗൗരവതരാമായ ബുദ്ധിഭ്രംശരോഗങ്ങളെ പ്രതിരോധിക്കുവാനുള്ള ക്രിയാത്മക നിർദേശം ഏതൊരാൾക്കും സാധ്യമായതും. സാധിക്കാവുന്ന നിലയിൽ ഓരോ ആക്ടിവിറ്റികളിൽ ഭാഗഭാക്കുകളാകുക .

1320 ബുദ്ധിഭ്രംശരോഗികളായ വയോജനങ്ങളെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിലാണ് ഈ വസ്തുതകൾ വെളിപ്പെടുത്തിയത്. ഇംഗ്ലണ്ടിൽ മാത്രം ഏഴുലക്ഷം വയോജനങ്ങളാണ് ഇത്തരം പലവിധ രോഗങ്ങൾക്ക് വിധേയരായിട്ടുള്ളത്. 2051 ഓടുകൂടി ഇവരുടെ എണ്ണം പതിനേഴ് ലക്ഷമായി ഉയരുമെന്നും പഠനറിപ്പോർട്ടിൽ പറയുന്നു.

❖ ❖ ❖

### ദക്ഷിണകൊറിയൻ സുപ്രീംകോടതി ദയാവധത്തിന് അനുമതി നല്കി

**മ**സ്തിഷ്ക മരണം സംഭവിച്ച 76 വയസ്സുള്ള ഒരു വൃദ്ധയ്ക്ക് ദയാവധത്തിന് ദക്ഷിണകൊറിയൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ലീ യോങ് ഹൂൺ അനുമതി നല്കി. ദക്ഷിണകൊറിയയിലെ ആദ്യ ദയാവധ ഉത്തരവാണിത്.



ഡോക്ടർമാരുടെയും നിരവധി സംഘടനകളുടെയും ഭാഗത്തുനിന്നും ശക്തമായ പ്രതിഷേധമുയർന്നിരുന്നു. എന്നാൽ ചികിത്സകൊണ്ട് ഫലമുണ്ടാകില്ല എന്ന് ഡോക്ടർമാർ വ്യക്തമാക്കിയ അവസരത്തിൽ രോഗിക്ക് ദയാവധം അനുവദിക്കാതിരിക്കുന്നത് തികച്ചും മനുഷ്യത്വഹീനമായ നടപടിയായിരിക്കുമെന്നതിനാലാണ് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നതെന്ന് സുപ്രീംകോടതി വിധിപ്രസ്താവനയിൽ പറഞ്ഞു.

കഴിഞ്ഞ നവംബറിലാണ് ഈ സ്ത്രീയുടെ മക്കൾ കീഴ്ക്കോടതിയെ ദയാവധം അനുവദിക്കണമെന്ന അപേക്ഷയുമായി സമീപിച്ചത്. ഇതിന് അനുകൂലമായി ഉണ്ടായ വിധിക്കെതിരെ ആശുപത്രി അധികൃതർ രംഗത്തെത്തി. ഇതെതുടർന്നാണ് മാസങ്ങൾ നീണ്ട നിയമയുദ്ധത്തിനുശേഷം സുപ്രീംകോടതി വിധി ഉണ്ടായിരിക്കുന്നത്.

❖